# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 80-ാം സ്വാതന്ത്ര്യദിന ആഘോഷ നിറവിൽ രാജ്യം; ന്യൂഡൽഹിയിലെ ചുവപ്പുകോട്ടയിൽ ത്രിവർണ പതാക ഉയർത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി; രാജ്യമെമ്പാടും വിപുലമായ പരിപാടികൾ.

   **Nation Celebrates 80th Independence Day with Grandeur; PM Narendra Modi Hoists Tiranga at Red Fort in New Delhi.**

2. സ്ഥിരതയുള്ള ഭരണകൂടവും ശക്തമായ ഭരണഘടനയുമാണ് ഇന്ത്യയുടെ കരുത്തെന്ന് പ്രധാനമന്ത്രി. രാജ്യത്തിൻറെ വികസനത്തിനായി 'സപ്തധാര' ആശയവും അവതരിപ്പിച്ചു.

   **Stable Government and Strong Constitution are India's Core Strengths, Says PM Narendra Modi; Unveils 'Sapt Dhara' Vision for Nation's Development.**

3. ഇന്ത്യ ലോകത്തിലെ അതിവേഗം വളരുന്ന സുപ്രധാന സമ്പദ്‌വ്യവസ്ഥയായി മുന്നേറുകയാണെന്ന് സ്വാതന്ത്ര്യദിന സന്ദേശത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു.

   **India Emerging as World’s Fastest-Growing Major Economy, Says President Droupadi Murmu in Independence Day Address**

4. കേരളത്തിലും വിപുലമായ സ്വാതന്ത്ര്യ ദിന ആഘോഷ പരിപാടികൾ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി വി ഡി സതീശനും ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാരും ദേശീയപതാക ഉയർത്തി.

   **Independence day celebrations organized across Kerala; Chief Minister V. D. Satheesan hoists the Tiranga at Central Stadium, Thiruvananthapuram, while Ministers lead ceremonies at district headquarters.**

5. ഹോർമുസ് കടലിടുക്ക് അമേരിക്കൻ ഭൂപ്രദേശമായി ഔദ്യോഗികമായി പ്രഖ്യാപിക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അവകാശവാദങ്ങൾ തള്ളി ഇറാൻ.

**US President Donald Trump Announces Plan to Declare Strait of Hormuz as Official American Territory; Iran Rejects Claims.**

6. പുരുഷ-വനിതാ ഹോക്കി ലോകകപ്പുകൾക്ക് ഇന്ന് തുടക്കം. ഇന്ത്യൻ പുരുഷ ടീം ഇന്ന് വെയിൽസിനെ നേരിടും.

**Men's and Women's Hockey World Cups Begin Today; Indian Men's Team to Take On Wales**

&&&&&&&&&&&&&&&&&&&&&&

## PM – INDEPENDENCE DAY (INTRO)

രാജ്യം ഇന്ന് എൺപതാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ഡൽഹിയിലെ ചരിത്രപ്രസിദ്ധമായ ചുവപ്പുകോട്ടയിൽ നടന്ന പ്രധാന ചടങ്ങുകൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകി. ചരിത്രത്തിലാദ്യമായി ചുവപ്പുകോട്ടയിൽ ദേശീയ ഗീതമായ 'വന്ദേമാതരം' ആലപിച്ചു. തുടർന്ന് പ്രധാനമന്ത്രി ദേശീയ പതാക ഉയർത്തി. സ്വാതന്ത്ര്യത്തിനു ശേഷം ആദ്യമായാണ് ചുവപ്പുകോട്ടയിൽ വന്ദേമാതരം മുഴങ്ങുന്നതെന്ന് രാജ്യത്തെ അഭിസംബോധന ചെയ്യവേ, പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്തിടെയുണ്ടായ പ്രകൃതിദുരന്തങ്ങളിൽ ദുരിതം നേരിട്ട കുടുംബങ്ങൾക്ക് പ്രധാനമന്ത്രി അനുശോചനം രേഖപ്പെടുത്തി. സ്ഥിരതയുള്ള ഭരണകൂടവും ശക്തമായ ഭരണഘടനയുമാണ് ഇന്ത്യയുടെ കരുത്തെന്ന് പ്രധാനമന്ത്രി പറഞ്ഞു. ശക്തമായ നീതി ന്യായ വ്യവസ്ഥയും എല്ലാവർക്കും വഴി കാട്ടുന്ന ഭരണഘടനയുമാണ് രാജ്യത്തിന്റെ മുന്നേറ്റത്തിന് അടിത്തറയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ വികസനത്തിന് ആക്കം കൂട്ടാനായി 'സപ്തധാര' എന്ന് നാമകരണം ചെയ്ത ഏഴ് മേഖലകളെ സമഗ്രമായി പ്രയോജനപ്പെടുത്താൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. സപ്തധാരയുടെ ശക്തി ഉപയോഗിച്ച് രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാനും വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കാനും സാധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. സമുദ്ര

മേഖലയിലെ പ്രധാന നേട്ടങ്ങളും പ്രധാനമന്ത്രി എടുത്തു പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

വരുന്ന ഒരു വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കൾക്ക് നിർമ്മിത ബുദ്ധിയിൽ പരിശീലനം നൽകാൻ സർക്കാർ തീരുമാനിച്ചതായി പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ആഗോള എ.ഐ മേഖലയിൽ മുന്നേറ്റം നടത്താൻ ഇത് ഇന്ത്യൻ യുവാക്കളെ പ്രാപ്തരാക്കുമെന്ന് അദ്ദേഹം പറഞ്ഞു. വിവിധ മത്സരപരീക്ഷകൾക്കായി പാവപ്പെട്ടവർക്കും ഇടത്തരം കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുമായി സൗജന്യ ഓൺലൈൻ പരിശീലനം ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ നിന്നുള്ള അയ്യായിരത്തോളം പ്രത്യേക ക്ഷണിതാക്കളാണ് ന്യൂഡൽഹിയിലെ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചത്. 2047-ഓടെ 'വികസിത ഭാരതം' കെട്ടിപ്പടുക്കുന്നതിൽ യുവജനങ്ങളുടെ പങ്കിനെ ആദരിച്ചുകൊണ്ട് 'യുവശക്തി' എന്ന ആശയത്തിനാണ് ഇത്തവണത്തെ ആഘോഷങ്ങളിൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**PRESIDENT ADDRESS (INTRO)**

ആഗോള അസ്ഥിരതയ്ക്കിടയിലും അതിവേഗം വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയുടെയും ദേശീയ സുരക്ഷയുടെയും അടിത്തറ ശക്തിപ്പെടുത്തുന്നതിൽ 'ആത്മനിർഭർ ഭാരത് അഭിയാൻ വലിയ പങ്ക് വഹിച്ചതായും രാഷ്ട്രപതി പറഞ്ഞു. 80-ാമത് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഇന്നലെ രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിനായി നിരവധി രാജ്യങ്ങളുമായി ഇന്ത്യ സ്വതന്ത്ര വ്യാപാര കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് ശ്രീമതി മുർമു പറഞ്ഞു. രാജ്യത്തിന്റെ ഭാവി കെട്ടിപ്പടുക്കുന്നവരായ വിദ്യാർത്ഥികളുടെ ഭാവിയും സുരക്ഷിതമാക്കാൻ എല്ലാവരും സംഭാവന നൽകണമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

( വോയിസ്.....)

&&&&&&&&&&&&&&&&&&

## INDEPENDENCE DAY - GREETINGS

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ പൗരന്മാർക്ക് ആശംസകൾ നേർന്നു. രാജ്യത്തിന്റെ പുരോഗതിക്കും ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുന്നതിനും സംഭാവന നൽകിയ തലമുറകളെയും, രാജ്യത്തിന്റെ അതിർത്തികളും പരമാധികാരവും സംരക്ഷിക്കുന്നതിൽ അചഞ്ചലമായ ധീരത പ്രകടിപ്പിക്കുന്ന സായുധ സേനയെയും ഉപരാഷ്ട്രപതി ആദരിച്ചു. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗും ഉൾപ്പെടയുള്ള കേന്ദ്ര മന്ത്രിമാർ പൗരന്മാർക്ക് ആശംസകൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

## KERALA INDEPENDECE BACKUP STORY

കേരളത്തിലും വിപുലമായ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ ദേശീയപതാക ഉയർത്തി. തുടർന്ന് വ്യോമസേനയുടെ ഹെലികോപ്റ്ററിൽ നിന്നും പുഷ്പവൃഷ്ടി നടത്തി. വിവിധ സേനാവിഭാഗങ്ങൾ, അശ്വാരൂഢസേന, എൻ.സി.സി., സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു. ജില്ലകളിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തി അഭിവാദ്യം സ്വീകരിച്ചു. സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ദക്ഷിണ നാവിക കമാൻഡിന്റെ നേതൃത്വത്തിൽ കൊച്ചി ഐ.എൻ.എസ് ഗരുഡയിൽ ഇന്ന് രാവിലെ സെറിമോണിയൽ പരേഡ് നടന്നു.

&&&&&&&&&&&&&&&&&&

## LAKSHADWEEP - THIRANGA

ഹർ ഘർ തിരംഗ പരിപാടികളുടെ ഭാഗമായി ലക്ഷദ്വീപിൽ തിരംഗ റാലികൾ സംഘടിപ്പിച്ചു. കവരത്തിയിൽ സെക്രട്ടേറിയറ്റിൽ നിന്നാരംഭിച്ച തിരംഗാ മാർച്ച് അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് എസ്. ബി. ദീപക് കുമാർ ഫ്ലാഗ് ഓഫ് ചെയ്തു.

&&&&&&&&&&&&&&&&&

**SAFE KERALA-CM**

സ്ത്രീകൾക്ക് ഏതു സമയവും നിർഭയമായി പുറത്തിറങ്ങി നടക്കുവാനുള്ള സ്ഥിതിയിൽ കേരളത്തെ രാജ്യത്തിന് തന്നെ മാതൃകയാക്കുകയാണ് പ്രധാന ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ മുന്നോടിയായി സംഘടിപ്പിച്ച 'റീസർജ് – സെയ് ഫ് വിമൺ, സെയ് ഫ് കേരള - ഫ്രീഡം അറ്റ് മിഡ്നൈറ്റ്' എന്ന രാത്രികാല വനിതാ സംഗമം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ സ്ത്രീകളെയും സ്വയം പര്യാപ്തരാക്കുക എന്നതും ആരെയും ആശ്രയിക്കാതെ സ്വയം തൊഴിൽ കണ്ടെത്തി വരുമാനം ഉണ്ടാക്കാൻ സാഹചര്യമൊരുക്കുക എന്നതുമാണ് പുതുയുഗ കേരളത്തിന്റെ സ്വപ്നമെന്നും, മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

**DELHI COURT- NEET**

നീറ്റ് യു.ജി ചോദ്യപ്പേപ്പർ ചോർച്ചക്കേസിൽ കൂടുതൽ അന്വേഷണം നടത്താൻ സി.ബി.ഐക്ക് ഡൽഹിയിലെ പ്രത്യേക അതിവേഗ കോടതി അനുമതി നൽകി. കേസിൽ പുതിയ തെളിവുകൾ പുറത്തുവന്ന സാഹചര്യത്തിലാണ് കോടതി നടപടി. നിലവിൽ 13 പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ, ഇതിൽ ഉൾപ്പെടാത്ത മറ്റ് ഗൂഢാലോചനക്കാരെക്കുറിച്ച് അന്വേഷണം തുടരാൻ അനുവദിക്കണമെന്ന് സി.ബി.ഐ കോടതിയോട് ആവശ്യപ്പെടുകയായിരുന്നു.

&&&&&&&&&&&&&&&&&

**NTA-ANSWER KEY**

ഈ വർഷത്തെ UGC-NET, CSIR-NET, ICAR AIEEA (PG), AICE (PhD) പരീക്ഷകളുടെ താൽക്കാലിക ഉത്തരസൂചികകൾ നാളെ പ്രസിദ്ധീകരിക്കുമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. പരീക്ഷകളെയും ഉത്തരസൂചികകളെയും കുറിച്ചുള്ള വിവരങ്ങൾക്ക് ഏജൻസിയുടെ ഔദ്യോഗിക അറിയിപ്പുകളെ മാത്രം ആശ്രയിക്കണമെന്ന് NTA നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

**US IRAN**

ഹോർമുസ് കടലിടുക്ക് ഉടൻ തന്നെ അമേരിക്കൻ ഭൂപ്രദേശമായി ഔദ്യോഗികമായി പ്രഖ്യാപിക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാൻ സൈന്യത്തെ ഏതാണ്ട് പൂർണ്ണമായി പരാജയപ്പെടുത്തിയ സാഹചര്യത്തിലാണ് ഈ നീക്കമെന്നും, ഹോർമുസ് കടലിടുക്കിൽ നിലവിൽ യു.എസിന് പൂർണ്ണ നിയന്ത്രണമുണ്ടെന്നും ട്രംപ് അവകാശപ്പെട്ടു. എന്നാൽ ട്രംപിന്റെ അവകാശവാദങ്ങൾ തള്ളി ഇറാൻ രംഗത്തെത്തി. തങ്ങളുടെ നിബന്ധനകൾ അംഗീകരിക്കുന്നതുവരെ തന്ത്രപ്രധാനമായ ഈ ജലപാത അടഞ്ഞുകിടക്കുമെന്നും തുറന്നുനൽകില്ലെന്നും ഇറാൻ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HOCKEY WORLDCUP**

ഹോക്കി ലോകകപ്പുകൾക്ക് ഇന്ന് തുടക്കമാകും. ബെൽജിയം, നെതർലൻഡ്സ് എന്നീ രാജ്യങ്ങൾ സംയുക്തമായാണ് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്. പുരുഷ, വനിതാ വിഭാഗങ്ങളിലായി ലോകത്തിലെ 16 ടീമുകളാണ് മത്സരത്തിനിറങ്ങുന്നത്. പുരുഷ വിഭാഗത്തിൽ ഇന്ന് വൈകിട്ട് 4.30 ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ വെയിൽസിനെ നേരിടും.

&&&&&&&&&&&&&&&&&&

**TEST CRICKET**

ഇന്ത്യ- ശ്രീലങ്ക ടെസ്റ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ഗാല്ല അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ ആരംഭിക്കും. ഇന്ത്യൻ സമയം രാവിലെ 10 മണിക്കാണ് മത്സരം. ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീം ഇന്ന് തങ്ങളുടെ ചരിത്രപരമായ 600-ാാം ടെസ്റ്റ് മത്സരത്തിനാണ് കളത്തിലിറങ്ങുന്നത്. ഇതോടെ ഇംഗ്ലണ്ടിനും ഓസ്ട്രേലിയയ്ക്കും ശേഷം 600 ടെസ്റ്റ് മത്സരങ്ങൾ തികയ്ക്കുന്ന മൂന്നാമത്തെ രാജ്യമായി ഇന്ത്യ മാറും.

&&&&&&&&&&&&&&&&&&

**GOVT- ADVERTISEMENTS**

ടെലിവിഷൻ ചാനലുകൾക്കുള്ള 12 മിനിറ്റ് പരസ്യ സമയപരിധി എടുത്തുമാറ്റാൻ തീരുമാനിച്ചതായി കേന്ദ്രസർക്കാർ. 1994-

ലെ കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് ചട്ടങ്ങളുടെ ഭേദഗതി വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ തീരുമാനം പ്രാബല്യത്തിൽ വരുമെന്ന് വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. പരസ്യ വരുമാനത്തെ വലിയ തോതിൽ ആശ്രയിക്കുന്ന ടിവി സംപ്രേഷണ മേഖലയിലുണ്ടായ മാറ്റങ്ങൾ കണക്കിലെടുത്ത്, വ്യവസ്ഥകൾ പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിനാലാണ് തീരുമാനമെന്നും മന്ത്രാലയം വ്യക്തമാക്കി. കേബിൾ ടെലിവിഷൻ നെറ്റ്‌വർക്ക് ചട്ടങ്ങൾ പ്രകാരം 2006-ലാണ് പരസ്യ സമയപരിധി ഏർപ്പെടുത്തിയത്.

&&&&&&&&&&&&&&&&&

**JHARKHAND PROTEST**

ഝാർഖണ്ഡിൽ, ജെയ്പാൽ സിംഗ് മുണ്ട സ്റ്റേഡിയത്തിൽ JPSC-JSSC ഉദ്യോഗാർത്ഥികൾ കഴിഞ്ഞ 21 ദിവസമായി നടത്തിവരുന്ന സമരം തുടരുന്നു. അതേമയം ഇന്ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള തിരംഗ യാത്ര പൂർണ്ണമായും സമാധാനപരമായിരിക്കുമെന്നും, സ്വാതന്ത്ര്യദിനത്തിൽ ഐക്യത്തിന്റെയും രാജ്യസ്നേഹത്തിന്റെയും സന്ദേശം നൽകുന്നതായിരിക്കുമെന്നും ഉദ്യോഗാർത്ഥികൾ അറിയിച്ചു. അതിനിടെ, പ്രതിഷേധക്കാർക്ക് നേരെ ഉണ്ടായ ലാത്തിച്ചാർജ്ജിലും വിദ്യാർത്ഥി പ്രക്ഷോഭത്തെ അപകീർത്തിപ്പെടുത്താനുള്ള ശ്രമങ്ങളിലും പ്രതിഷേധിച്ച്, സംസ്ഥാന മന്ത്രിമാരിൽ ചിലരുടെ കോലം പ്രതിഷേധക്കാർ കത്തിച്ചു.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&